"ഭരണഭാഷ മാതൃഭാഷ"

നമ്പർ : WEC4/16082/19.

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 07.09.2020.
ഇ-മെയിൽ: swdicds@gmail.com
ഫോൺ നം: 0471-2346534

<u>പരിപത്രം</u>

വിഷയം : വനിതാ ശിശുവികസന വകുപ്പ് - സ്വാധാർ ഗൃഹ് – പദ്ധതി നിർവ്വഹണം - പുരോഗതി വിലയിരുത്തുന്നത് – മാർഗ്ഗ നിർദ്ദേശങ്ങൾ പുറടുവിക്കുന്നു.

സൂചന : കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖ.

ദുഷ്കരമായ സാഹചര്യങ്ങളിലും വിവിധ ജീവിത പ്രതിസന്ധികളിലും ചൂഷണത്തിന് വിധേയമാകുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും താത്കാലിക താമസ സൗകര്യവും, പുനരധിവാസം, വൈദ്യസഹായം, നിയമസഹായം മുതലായവ നൽകി ജീവിതത്തിലേയ്ക്ക് തിരിച്ച് കൊണ്ട് വരുക എന്ന ലക്ഷ്യത്തോടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സ്വാധാർഗൃഹ്. സംസ്ഥാനത്ത് നിലവിൽ 7 സ്വാധാർ ഗൃഹകൾ പ്രവർത്തിക്കുന്നു. സ്വാധാർ ഗൃഹകളുടെ മേൽ നോട്ടം നിർവ്വഹിയ്ക്കുന്നത് കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡാണ്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പുരോഗതി വിലയിരുത്തുന്നതിനുമായി ചുവടെ ചേർക്കും പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i) 2020 സെപ്റ്റംബർ മാസം മുതൽ എല്ലാ മൂന്ന് മാസത്തിലൊരിക്കൽ ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർ സ്ഥാപനം സന്ദർശിക്കേണ്ടതും റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ii) വനിതാ പ്രൊട്ടക്ഷൻ ഓഫീസർ അതാത് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ എല്ലാ മാസങ്ങളിലും സന്ദർശനം നടത്തേണ്ടതും ഇതോടൊന്നിച്ചുള്ള പ്രൊഫോർമയിൽ പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് നൽകേണ്ടതും ജില്ലാ ഓഫീസറുടെ കൗണ്ടർസൈനോടുകൂടി അടുത്തമാസം 10-ാം തീയതിയ്ക്ക് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(iii) ജില്ലാതല മീറ്റിംഗിൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർ അജണ്ടയായി ടി പദ്ധതികൂടി ഉൾപ്പെടുത്തി പുരോഗതി വിലയിരുത്തേണ്ടതാണ്.

(iv) ഓഫീസർമാരുടെ സന്ദർശന വേളകളിൽ താമസക്കാർക്ക് നൽകുന്ന വൊക്കേഷണൽ ട്രെയിനിംഗുകളുടെ കാര്യക്ഷമത പരിശോധിക്കേണ്ടതാണ്.

(v) സാമൂഹ്യ ക്ഷേമ ബോർഡിന്റെ പ്രതിനിധിയും ബന്ധപ്പെട്ട വനിതാ ശിശു വികസന ഓഫീസറും സംയുക്തമായി ഹോമുകൾ സന്ദർശനം നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ അനുവദിയ്ക്കുന്ന തുക KSSWB ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകാൻ പാടുള്ളൂ.

(vi) പദ്ധതിയുടെ നടത്തിപ്പിനുള്ള ഫണ്ട് 60 : 40 അനുപാതത്തിൽ യഥാക്രമം കേന്ദ്ര, സംസ്ഥാന വിഹിതമായാണ് അനുവദിയ്ക്കുന്നത്. Chartered Accountant നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് അനുവദിയ്ക്കുന്നതെങ്കിലും 2016-17 സാമ്പത്തിക വർഷം മുതലുള്ള രേഖകൾ ജില്ലാ വനിതാ ശിശു വികസന പദ്ധതി ഓഫീസർമാർ നിയോഗിക്കുന്ന ടീം ഓഡിറ്റ് നടത്തേണ്ടതും റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. ടീമിലേയ്ക്ക് ആവശ്യമായ ഉദ്യോഗസ്ഥരെ മറ്റു കാര്യാലയങ്ങളിൽ നിന്നും ജില്ലാ വനിതാ ശിശു വികസന പദ്ധതി ഓഫീസർക്ക് ക്രമീകരിക്കാവുന്നതാണ്.

(vii) ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാത്ത ജില്ലകളിൽ ആയത് രൂപീകരിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(viii) സ്ഥാപനങ്ങളിലെ താമസക്കാർക്ക് നിശ്ചിത ഇടവേളകളിൽ കോവിഡ് പരിശോധന നടത്തുന്നതിനു ബന്ധപ്പെട്ട അധികാരികളുമായി ചർച്ച ചെയ്തു ജില്ലാ ഓഫീസർ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ix) സ്ഥാപനത്തിൽ താമസിക്കുന്ന വനിതകളോടൊപ്പം അവരുടെ കുട്ടികൾ ഉണ്ടെങ്കിൽ കുട്ടികളുടെ പഠനം, മറ്റു സൗകര്യങ്ങളുടെ ലഭ്യത എന്നി വിലയിരുത്തേണ്ടതും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

for [signature]

വനിത ശിശു വികസന ഡയറക്ടർ

1. ജില്ലാ വനിതാ ശിശു വികസന ഓഫീസർ
   ( തിരുവനന്തപുരം /എറണാകുളം/ഇടുക്കി/മലപ്പുറം)
2. വനിതാ പ്രൊട്ടക്ഷൻ ഓഫീസർ
   ( തിരുവനന്തപുരം /എറണാകുളം/ഇടുക്കി/മലപ്പുറം)
3. സെക്രട്ടറി, KSSWB

JN-20

**Physical Progress Report under Swadhar greh**

Month :

District :

Name of Swadhar Greh :

Monthwise details of inmates

| Month & Year | No. of Residents | | New Admissions | | Discharged | |
|---|---|---|---|---|---|---|
| | Women | Children | Women | Children | Women | Children |
| | | | | | | |

Vocational Training

| Name of Training/ Course | No. of inmates completed | No. of Inmates employed |
|---|---|---|
| | | |

Details of Rehabilated women/children

| Rehabilitation details | No. of Inmates |
|---|---|
| Reunion with family | |
| Employed | |
| Transferred to other facility of Central/State Govt | |
| Others | |

| Number of inmates to which health benefits provided : | |
|---|---|

| Number of inmates legally counseled : | |
|---|---|

Countersigned:
District Women & Child Development Officer

Women Protection Officer